# പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളും, എട്ടുനോമ്പാചരണവും - സെപ്തംബർ 1-8

കേരളസഭാ മക്കൾക്ക് ഉണർവ്വും, ഉന്മേഷവും ഉണർത്തുന്ന തിരുനാളാണ് പരി. അമ്മയുടെ ജനനത്തിരുനാൾ. എട്ടുനോമ്പു തിരുനാൾ എന്നും ഇത് അറിയപ്പെടുന്നു. എട്ടുദിവസവും നോമ്പു നോക്കി, ദേവാലയത്തിൽ പോയി പരി. അമ്മയുടെ പാദങ്ങളിൽ ദു:ഖങ്ങളും, ഭാരങ്ങളും ഇറക്കിവച്ച് പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ച് സമാധാനം തേടുന്ന ദിനങ്ങളാണിത്. കുഞ്ഞുങ്ങൾക്കും, മുതിർന്നവർക്കും, വിശിഷ്യാ അമ്മമാർക്കും ഇത് ഒരുക്കത്തിന്റെ തിരുനാളാണ്. മാതാവിന്റെ നാമത്തിലുള്ള ദേവാലയങ്ങളിൽ സന്ദർശനം നടത്തി പ്രാർത്ഥിക്കുന്നതും നേർച്ചകാഴ്ചകൾ സമർപ്പിക്കുന്നതും നല്ലൊരു പാരമ്പര്യമായി ഇന്നും തുടരുന്നു.

പരി അമ്മയുടെ ജനനത്തിരുനാളിനോടനുബന്ധിച്ച് 8 ദിവസം നോമ്പു നോക്കുന്നതിന്റെ പിന്നിലെ ചരിത്രംതേടി പലയിടത്തും നടന്നിട്ടുവ്യക്തമായി അത് ഒരിടത്തും കുറിച്ചു വച്ചിട്ടുള്ളതായി കണ്ടെത്താൻ കഴിഞ്ഞില്ല. എന്നാൽ പ്രായമായ മാതാപിതാക്കന്മാരുടെ മനസ്സുകളിൽ അത് വലിയൊരു അനുഭവത്തിന്റെയും, അത്ഭുതത്തിന്റെയും ചരിത്രമായി കുറിച്ചു വച്ചിട്ടുള്ളതായി അറിഞ്ഞു. ഇവരിൽ നിന്നും ലഭിച്ച അനുഭവത്തിന്റെ ചുരുൾ ഒന്നു നിവർത്തട്ടെ.

നൂറ്റാണ്ടുകൾക്കു മുൻപ് നമ്മുടെ കേരളം ഭരിച്ചിരുന്നത് രാജാക്കന്മാർ ആയിരുന്നു. കൃത്യമായ ഓർമ്മയിലില്ലെങ്കിലും കൂനൻകുരിശു സത്യത്തിനു മുമ്പ് നടന്ന സംഭവമാണിത്. അതായത് സുറിയാനിക്കാർ രണ്ടു വിഭാഗങ്ങളായി തിരിയുന്നതിനു മുമ്പു നടന്നതാണ്. ഒരു രാജാവിന്റെ ഭരണകാലത്ത് ഓരോദിവസവും സായംകാലത്തിൽ, രാജാവിന്റെ കൊട്ടാരത്തിൽ ഒരു കന്യകയെ കൊണ്ടുവരണം എന്ന് രാജകല്പന പുറപ്പെടുവിച്ചു. കന്യക ആരെന്ന് നിശ്ചയിക്കാനുള്ള നിബന്ധനയും ഭടന്മാർക്കു നല്കി. വൈകുന്നേരങ്ങളിൽ രാജഭടന്മാർ ഒരു ചെമന്ന പട്ട് ഒരു വീടിന്റെ മുൻപിൽ ഇടുന്നതായിരിക്കും. ആരുടെ വീടിന്റെ മുറ്റത്ത് ഈ പട്ട് കിടക്കുന്നുവോ അവിടുത്തെ കന്യക അന്ന് രാജകൊട്ടാരത്തിൽ എത്തിയിരിക്കണം. ദിവസങ്ങൾ കടന്നുപോയി, രാജഭടന്മാർ തങ്ങളുടെ ദൗത്യം വളരെ കൃത്യമായി നിർവ്വഹിച്ചുപോന്നു.

ഒരു ദിവസം ഭടന്മാർ എറിഞ്ഞ പട്ട് വീണത് ഒരു സുറിയാനി കുടുംബത്തിന്റെ മുറ്റത്തായിരുന്നു. സന്ധ്യാസമയത്ത് ആ വീട്ടിലെ വല്യമ്മച്ചി മുറ്റത്തിറങ്ങിയപ്പോൾ ചെമന്ന തുണി മുറ്റത്തു കിടക്കുന്നതു കണ്ട് ദേഷ്യം വന്നു, പിറുപിറുത്തുകൊണ്ട് അത് എടുത്തൊരേറു വച്ചു കൊടുത്തു. ചെന്നു വീണത് ഒരു മുസ്ലീം ഭവനത്തിന്റെ മുമ്പിലായിരുന്നു. താമസിയാതെ അവർ അത് കാണുകയും കാര്യം ഗ്രഹിക്കുകയും ഇരുവീട്ടുകാരും തമ്മിൽ തർക്കത്തിലാവുകയും ചെയ്തു. തർക്കം മൂത്തു വലിയ പ്രശ്നമാവുകയും അന്ന് ആരും കൊട്ടാരത്തിൽ പോകാതെ വരികയും ചെയ്തു.

നമ്മുടെ വല്യമ്മ ഒരു മാതൃഭക്തയായിരുന്നു. സദാ ജപമാല കരങ്ങളിലേന്തി നടന്ന വല്യമ്മ എട്ടു ദിവസവും നോമ്പും നോക്കി മാതാവിന്റെ പള്ളിയിൽ ഭജനയിരിക്കാം എന്നു നേർന്നു. തങ്ങളുടെ പെൺമക്കളെ കന്യകമാരായി കാക്കണമേ എന്ന് ഉള്ളുരുകി പ്രാർത്ഥിച്ചു.

തന്റെ അയൽപക്കത്തുള്ള അമ്മമാരേയും കാര്യം ഗ്രഹിപ്പിച്ചു. അവരും ഈവല്യമ്മയുടെ അഭിപ്രായത്തോടു യോജിച്ചു. അടുത്ത ദിവസം തന്നെ ഇവർകുറച്ചു പേർകൂടി മാതാവിന്റെ പള്ളിയിലേയ്ക്ക് യാത്രയായി. ഉച്ച ഭക്ഷണം ഉണ്ടാക്കാനുള്ള കലവും കരുതിയിരുന്നു. കണ്ണീരോടെ അവർ മാതൃപാദങ്ങളിൽ വീണ് കരുണയ്ക്കായി പ്രാർത്ഥിച്ചു. തങ്ങളുടെ പെൺകുഞ്ഞുങ്ങൾക്കായി അവർ കേണപേക്ഷിച്ചു. ഉച്ചയ്ക്ക് അല്പം കഞ്ഞി മാത്രം കുടിച്ച് അവർ പ്രാർത്ഥനയിൽ ചെലവഴിച്ചു. മാതാവിന്റെ നാമത്തിലുള്ള അന്നത്തെ പ്രസിദ്ധമായ ദേവാലയങ്ങൾ അവർ കയറിയിറങ്ങി. 8 ദിവസത്തെ ഉപവാസം നോമ്പ്, പ്രാർത്ഥന തുടങ്ങിയവയിലൂടെ തിന്മയുടെ ആ വലിയ ശക്തിയെ കീഴ്പ്പെടുത്തുവാൻ കഴിഞ്ഞു. രാജകല്പന പിൻവലിക്കുകയും, നാട്ടിലെങ്ങും സമാധാനം ഉണ്ടാവുകയും ചെയ്തു. ഇപ്രകാരം നോമ്പു നോക്കുന്ന രീതി തുടർന്നുള്ള വർഷങ്ങളിലും തുടരുകയും ചെയ്തു. ആദ്യ കാലത്ത് മാതാവിന്റെ നാമത്തിലുള്ള ദേവാലയങ്ങളിലായിരുന്നു. ഈ എട്ടു ദിവസത്തെ തിരുനാൾ ആഘോഷിച്ചിരുന്നത്. മണർകാട്, നാഗപ്പുഴ, തുടങ്ങിയ ദേവാലയങ്ങളിൽ ഈ തിരുനാൾ വലിയ ആഘോഷമായിരുന്നു.

കൂനൻകുരിശു സത്യത്തിനു ശേഷം കേരളസഭയിൽ പിളർപ്പുണ്ടായി സുറിയാനിക്കാരും, യാക്കോബിറ്റ് സഭയും രൂപം കൊണ്ടെങ്കിലും ഈ നോമ്പാചരണത്തിൽ ഇരുകൂട്ടരും വീഴ്ചവരുത്തിയില്ല. കാലക്രമേണ എട്ടുനോമ്പാചരണവും പരി. അമ്മയുടെ ജനനത്തിരുനാളും കേരളത്തിലെ മിക്ക പള്ളികളിലും ആഘോഷിച്ചുതുടങ്ങി.

പാപക്കറയേൽക്കാതെ, പരിശുദ്ധയായി ജനിച്ച പരി. അമ്മയുടെ മാദ്ധ്യസ്ഥശക്തി അത്ഭുതാവഹമാണെന്ന് ഈ സംഭവം നമ്മെ അനുസ്മരിപ്പിക്കുന്നു. 'ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല' നമ്മുടെ ദു:ഖങ്ങളും, നൊമ്പരങ്ങളും ഏറ്റെടുത്ത് നമുക്കായി ദൈവത്തിന്റെ തിരുമുമ്പിൽ ശക്തമായ മാദ്ധ്യസ്ഥം വഹിക്കുന്ന വാത്സല്യനിധിയായ പരി. അമ്മയുടെ ജീവിതത്തിലേയ്ക്ക് നമുക്ക് ഒന്ന് എത്തിനോക്കാം.

പരി. അമ്മ കന്യകയാണ്. നൂറ്റാണ്ടുകൾക്കു മുമ്പ് ഏശയ്യാ പ്രവാചകന്റെ അധരങ്ങളിലൂടെ മാറ്റൊലികൊണ്ട ശബ്ദം 'കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും' (ഏശയ്യ7:14) ശാരീരിക, മാനസീക, ആത്മീയതലങ്ങളിൽ കന്യാത്വത്തിന്റെ പൂർണ്ണതയാണ് നാം പരി. അമ്മയിൽ കാണുന്നത്. അമ്മ ചാരിത്ര്യ ശുദ്ധിയുടെ നിറകുടമായിരുന്നു, കാരണം "അവൾ ദൈവകൃപ നിറഞ്ഞവളായിരുന്നു"(ലൂക്കാ 1:28).

ആംഗലേയ കവിയായ സോമർസെറ്റ് മോമിന്റെ " Razar Edge "എന്ന നോവലിൽ മുഖ്യ കഥാപാത്രമായ 'ലോറി' തന്റെ ദൈവാന്വേഷണത്തിന്റെ സമാപ്തിയിൽ വന്നെത്തുന്ന ഒരു കണ്ടെത്തൽ ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. "I know by personal experiance that in nothing are the wisemen of India, more deadright than in their contention that chastity intensely enhances the power of the spirit."- 'ശുദ്ധതയോളം ആത്മാവിന്റെ ശക്തി വർദ്ധമാനമാക്കുന്ന മറ്റൊന്നില്ല' എന്ന ഈ കണ്ടെത്തൽ വലിയൊരു സത്യത്തിന്റെ ആവിഷ്കാരമാണ്. പരിശുദ്ധിയുടെ ഈ പ്രഭാവമാണ് കാൽവരിയുടെ നെറുകയിൽ പോലും നിശബ്തയോടെ ദൈവഹിതം സ്വീകരിക്കാൻ പരി. അമ്മയെ പ്രാപ്തയാക്കിയത്.

ജീവിതത്തിന്റെ പരിശുദ്ധികുറവ്, ആത്മീയശക്തി നഷ്ടപ്പെടുന്ന അവസ്ഥയിലേയ്ക്കും, അതുവഴി തിന്മയുടെ വലയത്തിലേയ്ക്കും നമ്മെ നയിക്കുന്നു. ദൈവകൃപനിറഞ്ഞ വ്യക്തിയെ

ഈ ലോകത്തിൽ ഒരു ശക്തിക്കും കീഴ്പ്പെടുത്താനാവില്ല എന്ന് പരി.അമ്മയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. പരി. അമ്മയുടെ ആത്മീയപ്രഭാവം ഇന്നിന്റെ മക്കളുടെ മുമ്പിൽ വലിയൊരു വെല്ലുവിളിയായി നിലകൊള്ളുന്നു. സാഹചര്യങ്ങളെ പഴിപറഞ്ഞ് സ്വന്തം ആത്മീയ കാതലില്ലായ്മ മറച്ചുപിടിക്കുന്ന നമുക്ക് ആത്മവിമർശനത്തിനും, ആത്മീയശക്തീകരണത്തിനുമുള്ള ഒരവസരമായി ഈ തിരുന്നാളിനെ മാറ്റാം

പരി. അമ്മ ഭാഗ്യവതിയാണ്. ഒരിക്കൽ യേശു പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ഒരു സ്ത്രീ എഴുന്നേറ്റു നിന്ന് ഇപ്രകാരം പറഞ്ഞു 'നിന്നെ പാലൂട്ടിയ മുലകളും നിന്നെ വഹിച്ച ഉദരവും ഭാഗ്യമുള്ളവ' (ലൂക്കാ 11:27). യേശുവിന്റെ ദൈവീകപ്രഭാവം നിറഞ്ഞുനിന്ന ആകർഷകമായ വ്യക്തിത്വമാണ് ആ സ്ത്രീ, ഈ വാക്കുകൾ പറയാൻ പ്രേരിപ്പിച്ചത്. ആ സ്ത്രീയ്ക്ക് യേശു നല്കുന്ന മറുപടി ശ്രദ്ധേയമാണ് അവിടുന്നു പറഞ്ഞു ''ദൈവവചനം കേട്ട് അത് പാലിക്കുന്നവർ കൂടുതൽ ഭാഗ്യവാന്മാർ'' (ലൂക്കാ 11:28). ദൈവപുത്രനെ ലോകത്തിനു പ്രദാനം ചെയ്തുകൊണ്ട് ഭാഗ്യവതിയായി ഉയർത്തപ്പെട്ട അമ്മ നമുക്കും ഒരു പ്രചോദനമല്ലേ ! ദൈവീകത നിറഞ്ഞ ഒരു വ്യക്തിത്വത്തിന്/ ഒരു കുഞ്ഞിന് ജന്മം കൊടുക്കാൻ ഞാൻ പരാജയപ്പെടുന്നവെങ്കിൽ വിഷമിക്കേണ്ട, ദൈവകൃപ നിറഞ്ഞ അമ്മ നമ്മെ സഹായിക്കും. വീണ്ടും 'കർത്താവ് അരുൾ ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി' (ലൂക്കാ 1:45) ഇളയമ്മയായ എലിസബത്ത് മാതാവിനെ ഭാഗ്യവതിയായി പ്രകീർത്തിക്കുന്നു, 'എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തു വരുവാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെനിന്ന് ' എന്നു പറഞ്ഞുകൊണ്ട് പരി. അമ്മയുടെ സാന്നിദ്ധ്യത്തെ വലിയ ഭാഗ്യമായി ഉയർത്തിക്കാണിക്കുന്നു. ആനന്ദവും, ആത്മീയനിറവും പകർന്നു കൊടുത്ത ധന്യനിമിഷങ്ങളായിരുന്നു അവരുടെ സന്ദർശനം.

പ്രിയപ്പെട്ടവരേ, അനുദിനവും നാം ഓരോരുത്തരും അനേകരെ കണ്ടുമുട്ടുന്നു. എത്രപേർക്കു ഞാൻ അനുഗ്രഹമാകുന്നു? എത്ര ഹൃദയങ്ങളിൽ ഞാൻ ആനന്ദത്തിന്റെ അലയടികൾ ഉയർത്തുന്നു? എത്ര മനസ്സുകളിൽ, എന്റെ സംസാരത്തിലൂടെ ആത്മീയനിറവു ലഭിക്കുന്നു? ഇതൊന്നും എന്റെ ജീവിതത്തിലൂടെ സാദ്ധ്യമാകുന്നില്ലെങ്കിൽ ഞാൻ എന്നെത്തന്നെ ഒരുക്കേണ്ട സമയം ആസന്നമായി.

എല്ലാ സുകൃതങ്ങളുടെയും വിളനിലമായ പരി. അമ്മയുടെ രണ്ടു സവിശേഷതകൾ മാത്രമേ നാം വിലയിരുത്തിയുള്ളു. ഇനിയും ഒരുപാടുകാര്യങ്ങൾ നാം കണ്ടെത്താനുണ്ട്. എങ്കിലും ഈ രണ്ടു ഗുണങ്ങളെങ്കിലും നമ്മുടെ ജീവിതത്തിലും പകർത്താം. ആ അമ്മയിൽ നമുക്ക് അഭയം തേടാം.

വി. ബർണാർദിന്റെ വാക്കുകൾ നമ്മുടെ കാതുകളിൽ മാറ്റൊലി കൊള്ളട്ടെ ''ആപത്തുകളിലും, വിഷമങ്ങളിലും മറിയത്തെ അനുസ്മരിക്കുക, അവളെ വിളിച്ചപേക്ഷിക്കുക, അവൾ മാർഗ്ഗദർശിയായുണ്ടെങ്കിൽ നിനക്ക് മാർഗ്ഗഭ്രംശം വരികയില്ല, അവളെ വിളിച്ചപേക്ഷിച്ചാൽ നഷ്ടധൈര്യരാകില്ല, അവൾ നിങ്ങളുടെ മനസ്സിലുള്ളിടത്തോളം കാലം നിങ്ങൾ വഞ്ചിതരാവുകയില്ല, അവൾ കയ്യിൽ പിടിച്ചിരിക്കുമ്പോൾ നിങ്ങൾ വീഴുകയില്ല, അവളുടെ സംരക്ഷണത്തിൽ നിങ്ങൾക്ക് ഭയപ്പെടാനില്ല,അവൾ മുമ്പേ നടക്കുന്നുവെങ്കിൽ നിങ്ങൾ ക്ഷീണിക്കുകയില്ല, അവൾ അനുകൂലിക്കുകയാണെങ്കിൽ നിങ്ങൾ ലക്ഷ്യത്തിലെത്തും''.

അങ്ങനെ, പരി. അമ്മയുടെ കരങ്ങളിൽ പിടിച്ച്, സുരക്ഷിതരായി, സമാധാനത്തോടെ നമുക്ക് ജീവിതയാത്ര തുടരാം. എല്ലാവർക്കും സമാഗതമാകുന്ന പിറവിത്തിരുനാളിന്റെ മംഗളങ്ങളും പ്രാർത്ഥനകളും, സ്നേഹപൂർവ്വം ആശംസിക്കുന്നു.

പരിശുദ്ധ അമ്മ നമ്മെ അനുഗ്രഹിക്കട്ടെ..........

**സി. ഷെറിൻ സി.എം.സി**